പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4862 — 22/03/2018 ൽ മറുപടിക്ക്

## ക്ഷേത്രങ്ങളിലെ ജാതി വിവേചനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഇ.പി.ജയരാജൻ<br>,, ഐ.ബി. സതീഷ്<br>,, എം. സ്വരാജ്<br>,, എം. മുകേഷ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലെ പാരമ്പര്യ തസ്തികകൾ എന്ന് വിവക്ഷിച്ചിരിക്കുന്നവ ഏതെല്ലാമാണ്; | (എ) | ഗുരുവായൂർ ദേവസ്വത്തിൽ ക്ഷേത്ര കീഴ്ശാന്തിക്കാർ, കഴക പ്രവൃത്തിക്കാർ, മാരാർ അടിയന്തിരം, പത്തുകാർ, നെയ്യ് കത്ത് ജീവനക്കാർ, പാത്രംതേപ്പ് മുതലായവരും മലബാർ ദേവസ്വം ബോർഡിൽ ശാന്തി, കഴകം, വാദ്യം, അടിച്ചുതളി, അലക്ക്, തീയാട്ട്, കളംപാട്ട്, പാട്ട് അടിയന്തിരം, സർവ്വ സഹായി, സ്ഥാനികൻ, കൈവിളക്ക്, ചിത്ര അഗ്രശാല, ഇല, കൊടിനൂൽ കൊട്ടുക്കൽ, പാലമൂതൻ, അന്തിതിരിയൻ, കോമരം, ഉപകർമ്മി, നിത്യകർമ്മി, വെളിച്ചപ്പാട്, കർമ്മി, കാരണവർ, നർത്തകൻ, വിളക്ക് വെപ്പ്, ഇളമ, കലശക്കാരൻ, ദർശനപാത്രി, ബ്യൾമാൻ, ഗ്രാമപിള്ള, പാല് എഴുന്നള്ളിപ്പ്, കോമരത്തച്ചൻ, കാരായ്മ, തൃക്കോവിൽ എന്നിവരും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ശാന്തി, കൈസ്ഥാനി, കഴകം, സംബന്ധി, തളി എന്നിവരും കൂടൽ മാണിക്യം ദേവസ്വത്തിൽ മേൽ ശാന്തി, തൃക്കോൽമൂസ്സ്, കഴകം ( 2 മാസം) എന്നിവരും കൊച്ചിൻ ദേവസ്വം ബോർഡിൽ ശാന്തി, കഴകം, സംബന്ധി, അടിച്ചുതളി എന്നിവരുമാണ്. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് നിയമനം നൽകാത്ത ഗുരുവായൂർ, കൂടൽ മാണിക്യം ഒഴികെയുള്ള ദേവസ്വം ബോർഡുകൾക്ക കീഴിലുള്ള ക്ഷേത്ര ജീവനക്കാരിൽ മുൻ സർക്കാരിന്റെ കാലത്ത് ആകെയുണ്ടായിരുന്ന 12489 പേരിൽ ഒന്നേകാൽ ശതമാനം പേർ മാത്രമായിരുന്നു പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഇത്തരത്തിലുള്ള പരിശോധന നടത്തിയിട്ടില്ല. മുമ്പ് ദേവസ്വം ബോർഡുകളിൽ നിയമനങ്ങളിൽ സംവരണ തത്വം പാലിക്കണമെന്ന വ്യവസ്ഥ ഉണ്ടായിരുന്നില്ല. എന്നാൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് രൂപീകരിച്ച സാഹചര്യത്തിൽ സംവരണ തത്വം പാലിച്ചുകൊണ്ടാണ് നിയമനങ്ങൾ നടത്തി വരുന്നത്. ഇത് കാരണം പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഈ തസ്തികകളിലേക്കുള്ള നിയമനരീതി എപ്രകാരമാണ്; പ്രസ്തുത നിയമനം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് കൈമാറുന്നതിനുള്ള നടപടിയെടുക്കുമോയെന്നറിയിക്കുമോ? | (സി) | പാരമ്പര്യ തസ്തികകൾ ഒഴികെയുള്ള തസ്തികകൾക്ക് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴിയാണ് ഇപ്പോൾ നിയമനം നടത്തി വരുന്നത്. |
| (ഡി) | ക്ഷേത്രത്തിൽ ഉറക്കെ പ്രാർത്ഥിച്ചെന്ന ആക്ഷേപത്തിൻമേൽ നെടുമങ്ങാടിനു സമീപം ഒരു ദളിത് യുവാവിന് മർദ്ദനമേൽക്കേണ്ടി വന്നത് ജാത്യന്ധതകൊണ്ടുള്ള അസഹിഷ്ണുത മൂലമാണെന്ന സാഹചര്യം കൂടി കണക്കിലെടുത്ത്, വിവിധ ക്ഷേത്ര ഭരണ സമിതികളിൽ നിലനിൽക്കുന്ന വർഗ്ഗീയ വാദവും ജാതി വിവേചനവും അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | ദേവസ്വം ബോർഡുകളിലെ ക്ഷേത്രങ്ങളിൽ ഉറക്കെ പ്രാർത്ഥിച്ച എന്ന ആക്ഷേപത്തിന്മേൽ മർദ്ദനം നടത്തിയതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. ക്ഷേത്ര ഭരണസമിതികളിൽ വർഗ്ഗീയവാദമോ ജാതി വിവേചനമോ ഇല്ലാത്ത തരത്തിലാണ് ക്ഷേത്ര ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ